# Kerala Tourism

## MALAYALA MANORAMA

### Tourism Minister to launch work on Vaikom Muhammad Basheer memorial at Beypore on July 3

**Date :** 3.7.2022 | **Press Release : Tourism Minister to launch work on Vaikom Muhammad Basheer memorial at Beypore on July 3** | **Edition : Kozhikode** | **Page :** 13 | **Clip size (cm) : W:** 5 **H:** 11

PDF (/pdfClipping/0d102ec4-8ca9-4bed-9036-8e5b002902dc)

---

# ബേപ്പൂരിൽ ബഷീർ സ്മാരകം നിർമാണം തുടങ്ങുന്നു

കോഴിക്കോട് ● വൈക്കം മുഹമ്മദ് ബഷീറിന്റെ സ്മരണയ്ക്കായി സംസ്ഥാന വിനോദസഞ്ചാര വകുപ്പ് ബേപ്പൂരിൽ നിർമിക്കുന്ന സ്മാരകം 'ആകാശമിഠായി'യുടെ നിർമാണോദ്ഘാടനം ഇന്നു വൈകിട്ട് 5 ന് മന്ത്രി പി.എ.മുഹമ്മദ് റിയാസ് നിർവഹിക്കും. മേയർ ബീന ഫിലിപ് അധ്യക്ഷത വഹിക്കും.

ബേപ്പൂർ ബിസി റോഡിൽ കോർപറേഷന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ് സ്മാരകം നിർമിക്കുന്നത്. ആദ്യ ഘട്ടത്തിന് 7.37 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

അക്ഷരത്തോട്ടം, കമ്യൂണിറ്റി ഹാൾ, കളിസ്ഥലം, നടവഴി തുടങ്ങിയവ ഒരുക്കും. വൈക്കം മുഹമ്മദ് ബഷീറിന്റെ പുസ്തകങ്ങളും കഥാപാത്രങ്ങളും പരിചയപ്പെടുത്തുന്ന തരത്തിലാണ് രൂപകൽപന.

സ്മാരകം സാഹിത്യപഠന കേന്ദ്രമാക്കി മാറ്റാനാണ് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നത്.